A3/56/2020-CLAD-Part(1)
**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - പ്രശസ്ത ചലച്ചിത്ര നടൻ പ്രേം നസീറിന്റെ പേരിൽ തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.213/2025/CLAD തീയതി, തിരുവനന്തപുരം, 05-04-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.36/2021/സാം.കാ.വ. തീയതി 30.01.2021
2. സ.ഉ.(സാധാ)നം.170/2021/സാം.കാ.വ. തീയതി 18.03.2021
3. സ.ഉ.(സാധാ)നം.371/2021/സാം.കാ.വ. തീയതി 05.10.2021
4. സ.ഉ.(സാധാ)നം.464/2021/സാം.കാ.വ. തീയതി 06.12.2021
5. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 30.01.2025 തീയതിയിലെ പി2-4880/24/സാം.വ. നമ്പർ കത്ത്.

**ഉത്തരവ്**

പ്രശസ്ത സിനിമാ നടനായിരുന്ന പ്രേം നസീറിന് ചിറയിൻകീഴിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 230 ലക്ഷം രൂപ എസ്റ്റിമേറ്റ് ഉള്ള പദ്ധതിയിൽ എം.എൽ.എ.-യുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 98 ലക്ഷം രൂപ വിനിയോഗിച്ച് നടത്തുന്ന നിർമാണപ്രവർത്തനങ്ങൾക്ക് പുറമെ 132 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ "2205-00-102-08-32-പ്രേം നസീർ സാംസ്കാരിക നിലയം" എന്ന ശീർഷകത്തിൽ ചെലവ് വകയിരുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ പദ്ധതിക്ക് അധികധനാനുമതിയായി 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) "2205-00-102-08-32-പ്രേം നസീർ സാംസ്കാരിക നിലയം (നോൺപ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും പരാമർശം (2) പ്രകാരം അനുവദിച്ച് ഉത്തരവാകുകയും, 2020-21 സാമ്പത്തിക വർഷം പിൻവലിക്കുവാൻ സാധിക്കാതിരുന്ന ടി 1,00,00,000/- രൂപ, 2021-22 സാമ്പത്തിക വർഷം സ്മാരക നിർമ്മാണത്തിന്റെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രേംനസീർ സ്മാരക നിർമ്മാണത്തിന്റെ മേൽനോട്ടം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ നിർദ്ദേശങ്ങൾക്കനുസൃതമായി നിർവഹിക്കുന്നതിന് പരാമർശം (4) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. പ്രേംനസീർ സാംസ്കാരിക സമുച്ചയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് 2024-25 ലെ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തി ചലച്ചിത്ര അക്കാദമി തയ്യാറാക്കിയ ഡിസൈൻ & ഡ്രോയിംഗ് പ്രകാരം പി.ഡബ്ല്യൂ.ഡി. പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ രണ്ട്

കോടി അമ്പത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നല്കണമെന്ന് പരാമർശം (5) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ബജറ്റ് അനുബന്ധം-II വാല്യം-II ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ എന്ന ബജറ്റ് രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുൻഗണനാപ്രവൃത്തികൾക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് "2205-00-102-08-32-പ്രേംനസീർ സാംസ്കാരിക നിലയം (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും രണ്ട് കോടി അമ്പത് ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

5. ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്

1) ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ.ടി. പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3) പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരികവകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4) സാംസ്കാരികവകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ വി.ശശി, (ചിറയിൻകീഴ്) ,അംഗം കേരള നിയമസഭ ,പൊയ്ക, ടി സി നം 2/1152(1),
പല്ലൂർ ലെയിൻ , മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം 695011 (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം.
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3095734 EDN-C5/37/2025-FIN Dated 28.03.2025)
കരുതൽ ഫയൽ

ഇത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 09-04-2025 14:06:19